

# വാർത്തകളും കുറിപ്പുകളും

1. **വാർഷിക പൊതുയോഗം 25-26**

   2025-26 വാർഷിക പൊതുയോഗം 17.5.26 നു നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. അതിനു മുന്നോടിയായി കരട് വരിസംഖ്യ പട്ടിക പരിശോധനകൾക്കും പരാതി നിവാരണത്തിനുമായി 15.4.26 നു പ്രത്യേക നോട്ടീസ് ബോർഡിൽ പതിച്ചിട്ടുണ്ട്. അന്തിമ വോട്ടർ പട്ടിക ജൂൺ ആദ്യ വാരം പ്രസിദ്ധീകരിക്കുന്നതാണ്.

2. **വർജ്ജന സ്തോത്രകാഴ്ച**

   നോമ്പുകാല വർജ്ജന സ്തോത്രകാഴ്ചയിൽ സഭാജനങ്ങൾ സജീവമായി സഹകരിച്ചു നന്ദി. സ്തോത്രകാഴ്ചയായി ലഭിച്ച തുക അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതാണ്.

3. **വി ബി എസ് 2026**

   ഈ വർഷത്തെ വി ബി എസ് 6.4.26 മുതൽ 16.4.26 വരെയുള്ള ദിവസങ്ങളിൽ സെന്റിനറി ഹാളിൽ വച്ച് അനുഗ്രഹീതമായി നടത്തപ്പെട്ടു. 12.4.26 വി ബി എസ് ഞായറായി ആചരിച്ചു. സംഘാടകർക്കും, പങ്കെടുത്ത വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ!!!

4. **ചർച്ച് ഓഫീസ്**

   ചർച്ച് ഓഫീസിൽ ജീവനക്കാരായിരുന്ന സ/ശ്രീ അജി ജോർജ് ജേക്കബ്, ജോസഫ് തോമസ് എന്നിവർ വ്യക്തിപരമായ കാരണങ്ങളാൽ യഥാക്രമം 20.2.26, 18.3.26 തീയതികളിൽ ജോലി രാജി വയ്ക്കുകയുണ്ടായി. പകരം സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. **പരീക്ഷാ ഫലങ്ങൾ**

   വിവിധ വിഭാഗത്തിലുള്ള വാർഷിക പരീക്ഷാ ഫലങ്ങൾ വന്നുകൊണ്ടിരിക്കുന്നു. പലരും ഉന്നത വിജയം കരസ്ഥമാക്കിയിട്ടുണ്ട്. വിജയികൾക്ക് സഭയുടെ അഭിനന്ദനങ്ങൾ !!!

മെയ് 1 ലോക തൊഴിലാളി ദിനമായി ആചരിച്ചുവല്ലോ. ലോക തൊഴിലാളി ദിനവും ക്രൈസ്തവ വിശ്വാസവും തമ്മിലുള്ള സമാഗമം,അധ്വാനത്തിന്റെ മഹത്വവും ദൈവവും തമ്മിലുള്ള ആഴമേറിയ ബന്ധത്തെയാണ് എടുത്തുകാണിക്കുന്നത്. ക്രൈസ്തവ കാഴ്ചപ്പാടിൽ, തൊഴിൽ കേവലം ലൗകികമായ ഒരു ആവശ്യമല്ല, മറിച്ച് സൃഷ്ടിപ്പിന്റെ ചരിത്രത്തിൽ വേരൂന്നിയ ഒരു പരിശുദ്ധമായ വിളിയാണ്. തന്റെ സൃഷ്ടികളിൽ സന്തോഷം കണ്ടെത്തുന്ന ഒരു തൊഴിലാളി യായാണ് വേദ

പുസ്തകം ദൈവത്തെ ചിത്രീകരിക്കുന്നത്.. ഒരു സാധാരണ തച്ചനായിരുന്ന,യേശുവിന്റെ, വളർത്തുപിതാവിനെ ആദരിക്കുന്നതിലൂടെ, ഏറ്റവും ലളിതമായ ശാരീരിക അധ്വാനത്തിന് പോലും ആത്മീയ മൂല്യമുണ്ടെന്ന് ഈ ദിനം വിശ്വാസികളെ ഓർമ്മിപ്പിക്കുന്നു. വേലക്കാരൻ തന്റെ കൂലിക്ക് അർഹനാണ്' (ലൂക്കോസ് 10:7) എന്ന ബൈബിൾ തത്വം ചൂഷണങ്ങൾക്കെതിരെയുള്ള താക്കീതാണ്. തൊഴിൽ ഒരു ആരാധനയായി മാറ്റി, സഹജീവികളെ സ്നേഹിക്കാനും പൊതുനന്മയ്ക്കായി സംഭാവന നൽകാനുമുള്ള ഒരു മാർഗ്ഗമായി കാണുക. ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ലോക തൊഴിലാളി ദിനം എന്നത് നീതിയുക്തമായ തൊഴിൽ സാഹചര്യങ്ങൾക്കായി ശബ്ദമുയർത്താനും, ദൈവം നൽകിയ 'ശബ്ബത്ത്' അഥവാ വിശ്രമത്തെ ആദരിക്കാനും, സമൂഹത്തിന്റെ വളർച്ചയിൽ ഓരോ വ്യക്തിയും നൽകുന്ന പങ്കിനെ ആഘോഷിക്കാനുമുള്ള അവസരമാണ്. നമ്മുടെ കൈകളിലൂടെ ലോകത്തെ പരിപാലിക്കാനും പുതുക്കിപ്പണിയാനുമുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ നാമും പങ്കുചേരുന്നുവെന്ന് ഉറപ്പുവരുത്തിക്കൊണ്ട് മുന്നോട്ടുപോകാം. അതിനായ് ദൈവം നമ്മെ ശാക്തീകരിക്കട്ടെ, പ്രാർത്ഥനാഭിവാദ്യങ്ങളോടെ...

**സജി സാം ജോർജ്**
സെക്രട്ടറി

---

## ROSTER FOR READING LESSON

ENGLISH

| Date | First Lesson | Second Lesson |
|---|---|---|
| 10-05-2026 | Dr. Thomas Biju Mathew | Mrs. Suja Annie Chandy |
| 17-05-2026 | Dr. Cherian Jacob | Mrs. Mary Binu Joseph |
| 24-05-2026 | Mr. George Koshie | Mrs. Geetha Philip |
| 31-05-2026 | Mr. Sudhir George Verghis | Mrs. Mariam Jacob |
| 07-06-2026 | Prof. G. Joseph Antony | Mrs. Jula Annie Thomas |

MALAYALAM

| Date | First Lesson | Second Lesson |
|---|---|---|
| 10-05-2026 | Dr. Arun Joseph | Mrs. Sweety Alex |
| 17-05-2026 | Mr. Abraham Korah | Mrs. Jaicy Koshy |
| 24-05-2026 | Mr. Boney V. Sam | Mrs. Niranjana Mariam Mathew |
| 31-05-2026 | Mr. Jacob Thomas | Mrs. Feba Paul |
| 07-06-2026 | Dr. Thomas Abraham | Adv. Sheeba Jacob |